**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## പത്രക്കുറിപ്പ്

## പി.ജി. ആയുർവേദ കോഴ്സുകളിലേക്കുള്ള പ്രവേശനം - 2025 ഒന്നാംഘട്ട അലോട്ട്മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ/എയ്ഡഡ് ആയുർവേദ കോളേജുകളിലെക്കും സ്വാശ്രയ ആയുർവേദ കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കുമുള്ള 2025-26 അധ്യയന വർഷത്തെ ആയുർവേദ കോഴ്സുകളിലെ സീറ്റുകളിലെ പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ **'Data sheet'** എന്ന മെനു ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് പ്രിന്റ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ, പ്രോസ്പെക്ടസ് ക്ലോസ് 8.2 പ്രകാരമുള്ള രേഖകൾ എന്നിവ സഹിതം **01.10.2025 വൈകുന്നേരം 3.00** മണിക്ക് മുമ്പ് അലോട്ട്മെന്റ് ലഭിച്ച കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

*പ്രത്യേക ശ്രദ്ധയ്ക്ക്: അലോട്ട്മെന്റ് ലഭിച്ചവരിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും, (ഫീസ് സൗജന്യം ലഭ്യമായവർ ഉൾപ്പെടെ) ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് കാണുക.*

**ഹെൽപ് ലൈൻ നമ്പർ : 2332120, 2338487**

Signed by
R Manoj
Date: 26-09-2025 13:34:15

**പ്രവേശന പരീക്ഷാ കമ്മീഷണർ ഇൻ ചാർജ്**

തിരുവനന്തപുരം
26-09-2025